LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷ് അദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത

58 [3041] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഹൈസ്കൂളിൽ ഇംഗ്ളീഷ് പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി ഇംഗ്ലീഷ് അദ്ധ്യാപകർക്കുള്ള അടിസ്ഥാന യോഗ്യത ഇംഗ്ലീഷിലുള്ള ബിരുദവും ബി. എഡ്.-ഉം ആയി നിശ്ചയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുവാനായി 7-1-2002-ലെ സ. ഉ. (എംഎസ്.) 11/2002/പൊ.വി.വ. പ്രകാരം ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഇംഗ്ലീഷ് ഭാഷയിലുള്ള ബിരുദവും പ്രസ്തുത വിഷയത്തിലുള്ള ബി.എഡ്.-ഉം ആയിരിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ചേരുമംഗലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് സ്വന്തം കെട്ടിടം

59 [3042] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ മുക്കം പഞ്ചായത്തിൽ ചേരുമംഗലൂർ മാപ്പിള ഗവൺമെന്റ് യു. പി. സ്കൂൾ വാടക കെട്ടിടത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ആരുടെ കെട്ടിടത്തിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(എഫ്) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസം നൽകുന്ന വാടക എത്രയാണ്;

(ജി) വാടകയിനത്തിൽ കെട്ടിട ഉടമയ്ക്ക് നൽകാൻ കുടിശ്ശിക എന്തെങ്കിലുമുണ്ടോ;

(എച്ച്) എങ്കിൽ എന്തു കാരണം കൊണ്ടാണ് ഇത് നൽകാതിരിക്കുന്നത്;

(ഐ) എന്നത്തേക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;